നവംബർ 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

നമ്മുടെ സഭാ ജനങ്ങൾ മറ്റു ദേശങ്ങളിലേക്കു കുടിയേറി പാർക്കുന്നത് ഏറിവരികയാണല്ലോ. രാജ്യാന്തര കുടിയേറ്റം ഇന്നൊരു യാഥാർത്ഥ്യമായി നാം അംഗീകരിച്ചേ മതിയാവൂ. വ്യവസായ വിപ്ലവത്തോടനുബന്ധിച്ച് വ്യാപകമായിത്തീർന്ന കുടിയേറ്റം തൊഴിലവസരം തേടിയുള്ള മനുഷ്യ പലായനമായിട്ടാണ് ആരംഭിച്ചത്. ഇന്ന് കേരളത്തിൽ നിന്നുള്ള കുടിയേറ്റങ്ങൾ പ്രധാനമായി മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷം കൂടി തേടിയുള്ളതാണ്. അടുത്തകാലത്തു ധാരാളം മലയാളികൾ കുടിയേറിക്കൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ ആസ്ട്രേലിയ, ക്യാനഡ, ന്യൂസിലൻഡ്, ഫിലിപ്പൈൻസ്, ദക്ഷിണാഫ്രിക്ക തുടങ്ങിയവ ഉൾപ്പെടുന്നു. കൂടാതെ യൂറോപ്പിലെ ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ആസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിലും ധാരാളം മലയാളികൾ താമസക്കാരായിട്ടുണ്ട്. ചിതറിപ്പാർക്കുന്ന മാർത്തോമ്മാ വിശ്വാസികൾക്കാവശ്യമായ വിശ്വാസ പരിചരണം നൽകേണ്ടത് സഭയുടെ ദൗത്യമാണ്. പുതുതായി ആരംഭിച്ച യു. കെ. – യൂറോപ്പ് – ആഫ്രിക്ക ഭദ്രാസനം ഇത്തരമൊരാവശ്യകതയുടെ പ്രതിഫലനമാണ്. 2024 സെപ്റ്റംബർ 29 ന് പ്രസ്തുത ഭദ്രാസനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ബർമിംഗ്ഹാമിൽ നടന്നു. കാലാകാലങ്ങളായി ഈ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്ത എല്ലാ തിരുമേനിമാരെയും വൈദികരെയും അത്മായ നേതൃത്വത്തെയും ഓർത്തു ദൈവത്തിനു നന്ദി കരേറ്റാം. ഉദ്ഘാടന ക്രമീകരണങ്ങൾക്ക് ഇവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിലുള്ള ഒരു ടീം നൽകിയ സേവനം ശ്ലാഘനീയമത്രെ. പുതിയ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ അതാതിടങ്ങളിലെ പ്രാദേശിക സഭകൾക്കും, ദേശത്തിനും പുത്തനുണർവിന് നിദാനമായിത്തീരണം. നമ്മുടെ നവതലമുറയെ ദൈവത്തിങ്കലേക്കടുപ്പിക്കുന്നതിനാവശ്യമായ രൂപരേഖ തയ്യാറാക്കി പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വം ആ ഭദ്രാസനത്തിനുണ്ട് എന്നതും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

മാർത്തോമ്മാ സഭ ഒരു എക്യുമെനിക്കൽ സഭയാണ്. മാർത്തോമ്മാ സഭയും യൂറോപ്പിലെ ഓൾഡ് കാതോലിക് ചർച്ചും എക്യൂമിനിക്കൽ ബന്ധത്തിൽ പ്രവേശിച്ചതിന്റെ ഭാഗമായി ഇരു സഭകളും ചേർന്ന് സ്വിറ്റ്സർലൻഡിൽ ഐക്യസംഗമം സംഘടിപ്പിച്ചു. മാർത്തോമ്മാ സഭയുടെ പ്രതിനിധിസംഘം സഫ്രഗൻ മെത്രാപ്പൊലിത്താമാരായ അഭി. ഡോ. യുയാക്കിം മാർ കൂറിലോസ്, അഭി. ഡോ. ജോസഫ് മാർ ബർന്നബാസ് എന്നീ തിരുമേനിമാരുടെ നേതൃത്വത്തിൽ ഐക്യാഘോഷത്തിൽ സംബന്ധിച്ചു. വിശുദ്ധ കുർബാനയിലും പൊതുസമ്മേളനത്തിലും ഇരു സഭകളെയും പ്രതിനിധീകരിച്ച് വൈദികരും ആത്മായരും പങ്കെടുത്തു. 'ക്രിസ്തുയേശുവിൽ എല്ലാവരും ഒന്നത്രേ' എന്ന പൗലൊസിന്റെ ദർശനത്തിനു ജീവൻ പകരുന്നതാണ് എക്യൂമെനിക്കൽ ദർശനങ്ങൾ. 'ഒന്ന്' എന്ന വാക്ക് എല്ലാം ലയിപ്പിച്ച് ഒന്നായി ചേരുന്ന ഒരനുഭവമല്ല, പിന്നെയോ ത്രിത്വ ദർശനങ്ങളിൽ നാം കാണുന്ന വ്യത്യസ്തകളുടെ സമന്വയമാണ്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് തന്നെ ആംഗ്ലിക്കൻ സഭയുമായി മാർത്തോമ്മാ സഭ സ്ഥാപിച്ച സംസർഗ്ഗ ബന്ധം പിന്നീട് തെന്നിന്ത്യ, ഉത്തരേന്ത്യ സഭകളുമായുള്ള പൂർണ്ണ സംസർഗ്ഗത്തിലേക്കു വളർന്നു. സി. എസ്. ഐ, സി. എൻ. ഐ, മാർത്തോമ്മാ സഭകൾ ചേർന്ന് രൂപീകരിച്ച The Communion of Churches in India ഈ ഐക്യത്തിന്റെ പ്രകടമായ അടയാളമാണ്. നവംബർ മാസം 10–ാം തീയതി ഞായറാഴ്ച ഐക്യ ഞായർ ആയി നാം കൊണ്ടാടുന്നു. *'സഭകളുടെ ഐക്യം: ദൈവരാജ്യ സാക്ഷ്യത്തിനായ്'* എന്നതാണ് ആ ദിവസത്തെ ചിന്താവിഷയം. നിലയ്ക്കൽ എക്യൂമെനിക്കൽ ട്രസ്റ്റിന്റെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിവിധ പരിപാടികൾ സഭകളുടെ ഒരുമിച്ചുള്ള ആഭിമുഖ്യത്തിൽ നടന്നു വരുന്നു. ലോകവും നമ്മുടെ രാജ്യവും ഇന്ന് നേരിടുന്ന വെല്ലുവിളികളുടെ മദ്ധ്യേ അർത്ഥവത്തായ ക്രിസ്തീയ സാക്ഷ്യം നിർവഹിച്ചു ഐക്യത്തിന്റെ പാതയിൽ മുന്നേറുവാൻ നാമേവരേയും ദൈവം സഹായിക്കട്ടെ.

പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ സങ്കീർണ്ണമായ ഒരു പ്രതിസന്ധിയിലേക്ക് ആ പ്രദേശത്തെയും ലോകത്തെയും എത്തിച്ചിരിക്കയാണ്. സിറിയയുടെ നാശം, ഇറാഖിന്റെ ശിഥിലീകരണം, ഈജിപ്തിലെയും ലിബിയയിലെയും പ്രക്ഷോഭങ്ങൾ, രാജവാഴ്ചകൾ തമ്മിലുള്ള മത്സരങ്ങൾ, ഇറാനുമായുള്ള സങ്കീർണ്ണമായ ബന്ധം, വ്യാപകമായ സാമൂഹിക അസംതൃപ്തി, വംശീയ-വിഭാഗീയ വിഭജനങ്ങളുടെ ചൂഷണം, ഇസ്രായേൽ-പലസ്തീൻ സംഘർഷത്തിന്റെ രൂക്ഷത തുടങ്ങിയവ പശ്ചിമേഷ്യ കടന്നുപോകുന്ന സങ്കീർണ്ണതയുടെ ചില മാനങ്ങളാണ്. ഇസ്രായേൽ, ഹിസ്ബുള്ള, ഇറാൻ എന്നിവിടങ്ങളിൽ വ്യാപകമായ യുദ്ധത്തിന്റെ ഗുരുതരമായ അപകട സാധ്യതയുണ്ട്. അക്രമത്തിന്റെ അളവും ഭൂമിശാസ്ത്രപരമായ വ്യാപ്തിയും വർദ്ധിച്ചു. ലെബനന്റെ മേലുള്ള ഇസ്രായേലിന്റെ അധിനിവേശം പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിരിക്കുകയാണ്. ആ മേഖലയിൽ നീതിപൂർവ്വമായ സമാധാനം കൈവരിക്കുവാൻ നാം മുട്ടിപ്പായി പ്രാർത്ഥിക്കണം.

കണ്ണൂർ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ആയിരുന്ന കെ. നവീൻ ബാബുവിന്റെ മരണം കേരളത്തിൽ ഇന്ന് ഒരു ചർച്ചാ വിഷയമാണല്ലോ. ഉദ്യോഗസ്ഥ രംഗത്തിരിക്കുന്നവർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളുടെ ഒരു പ്രതിഫലനം കൂടിയാണിത്. കേരളത്തിൽ നിലനിൽക്കുന്ന ഭരണരംഗത്തെ അരക്ഷിതാവസ്ഥയുടെ ഒരു തുറന്ന പുസ്തകമായി ഈ സംഭവത്തെ നമുക്ക് വീക്ഷിക്കാം. ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല പിന്നെയോ ഇന്നിന്റെ ജീർണതകളെ തുറന്നുകാട്ടുവാനുള്ള മനക്കരുത്താണ് പ്രധാനം എന്ന് നാം തിരിച്ചറിയണം. നവീന്റെ കുടുംബത്തെ സഭയുടെ അനുശോചനം അറിയിക്കുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

മാർത്തോമ്മാ സഭയുടെ ഓൺ ലൈൻ ചാനലായ മാർത്തോമ്മാ വിഷൻ കുടുംബത്തിൽ നിന്ന് ഒരു ഇംഗ്ലീഷ് വാർത്താ ബുള്ളറ്റിൻ കൂടി ആരംഭിച്ചു. ആഗോളസഭയായി വളർന്ന മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ദൗത്യ മേഖലയിലെ വാർത്തകളും വിശേഷങ്ങളും ലോകമെങ്ങുമുള്ള വിശ്വാസ സമൂഹത്തിന് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രേക്ഷകരുടെ നിരന്തര ആവശ്യത്തെ തുടർന്ന് ഇംഗ്ലീഷ് വാർത്താ ബുള്ളറ്റിൻ ആരംഭിച്ചിരിക്കുന്നത്. കേരളത്തിനു പുറത്തും വിദേശരാജ്യങ്ങളിലും പാർക്കുന്ന സഭാ ജനങ്ങളുടെ ആത്മീയ വളർച്ചക്കും സഭയുടെ ഫലകരമായ ദൗത്യ നിർവഹണത്തിനും ഈ പുതിയ സംരംഭം സഹായകരമാകുമെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്മാരക പ്രഭാഷണം നവംബർ മാസം 7-ാം തീയതി കൊട്ടാരക്കര പനവേലി ബഥേൽ മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. തിരുമേനിയുടെ ജീവിതത്തിനായും ശുശ്രൂഷകൾക്കായും ദൈവത്തെ സ്തുതിക്കാം. അന്നേ ദിവസം പരമാവധി ആളുകൾ ഈ സമ്മേളനത്തിൽ വന്ന് സംബന്ധിക്കണം. സീറോ മലബാർ സഭയുടെ മാർ തോമസ് തറയിൽ തിരുമേനിയെ ചങ്ങനാശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പായും, ചങ്ങനാശ്ശേരി അതിരൂപതാംഗവും മാർപാപ്പയുടെ യാത്രകളുടെ ചുമതലതയുള്ള സെക്രട്ടറി ഓഫ് ദ് സ്റ്റേറ്റ് മോൺ. ജോർജ്ജ് ജേക്കബ് കൂവക്കാട്ട് അച്ചനെ കർദ്ദിനാൾ സ്ഥാനത്തേക്കും ഉയർത്തുന്നു. ഇരുവർക്കും മാർത്തോമ്മാ സഭയുടെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

ഏഷ്യയിലെ വിവിധ ക്രൈസ്തവ സഭകളുടെ ഏകോപന വേദിയായ ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ (സി. സി. എ.) യും മലേഷ്യൻ കൗൺസിൽ ഓഫ് ചർച്ചസും ചേർന്ന് സംയുക്തമായി സംഘടിപ്പിച്ച നിഖ്യ സുന്നഹദോസിന്റെ 1700-ാം വാർഷികവും ഏഷ്യൻ ദൈവശാസ്ത്രജ്ഞരുടെ കൂടിവരവും കാറ്റ്സ് - എക്സ് (CATS - X) എന്ന പേരിൽ ക്വാലാലംപൂരിൽ ക്രമീകരിച്ചു. പ്രസ്തുത സമ്മേളനത്തിൽ പോയി സംബന്ധിക്കുവാൻ സാധിച്ചു. Echoes of Nicaea: Enduring Faith and Embracing Unity എന്നതായിരുന്നു ചിന്താവിഷയം. ഏഷ്യയിലുള്ള വിവിധ സഭാ മേലധ്യക്ഷന്മാരുമായും എക്യൂമെനിക്കൽ നേതാക്കളുമായും സംവാദത്തിലേർപ്പെടുന്നതിനും വേദി പങ്കിടുന്നതിനും സമ്മേളനത്തിന് മാർത്തോമ്മാ സഭയുടെ ആശംസകൾ അറിയിക്കുന്നതിനും ഇടയായി. കൂടാതെ നമ്മുടെ സഭയിൽ നിന്നും അഭിവന്ദ്യ മാർ ഇവാനിയോസ് എപ്പിസ്ക്കോപ്പായും റവ. ഡോ. ആർ. സി. തോമസും സമ്മേളനങ്ങളിൽ സംബന്ധിക്കുകയും ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര സി. സി. എ. ജനറൽ സെക്രട്ടറി എന്ന നിലയിലും, ഡോ. അന്ന അലീഷ മാത്യു സൈമൺ സി. സി. എ. വൈസ് മോഡറേറ്റർ എന്ന നിലയിലും നേതൃത്വം നല്കുകയും ചെയ്തു.

2024 ലെ വാർഷിക വൈദിക സമ്മേളനം നവംബർ 26 മുതൽ 29 വരെ ചരൽക്കുന്നിൽ വെച്ച് നടത്തപ്പെടുന്നു. 'ഇടയൻ: ഇടം, ഇടർച്ച, ഇടപെടൽ' (Shepherd: Space, Stumble, Stepping-in) എന്ന വിഷയത്തെ അധികരിച്ചാണ് ഈ വർഷത്തെ ചർച്ചകളും പഠനങ്ങളും കൂട്ടായ്മയും ക്രമീകരിച്ചിരിക്കുന്നത്. പട്ടക്കാരുടെ വ്യക്തിപരവും ഗാർഹികവും ശുശ്രൂഷാപരവുമായ ഇടങ്ങളിലെ ദൗത്യ സാധ്യതകളും ആന്തരിക സംഘർഷങ്ങളും തിരിച്ചറിയുന്നതിനും, കാലികമായ ഇടപെടലുകളിലൂടെ ദൈവരാജ്യ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ പരിജ്ഞാനവും സമർപ്പണവും ഉള്ളവരാകുന്നതിനും വാർഷിക വൈദിക സമ്മേളനം മുഖാന്തിരമാകട്ടെയെന്ന് പ്രാർ

ത്ഥിക്കുന്നു. എല്ലാ പട്ടക്കാരുടെയും സാന്നിദ്ധ്യവും പങ്കാളിത്തവും അത്യന്താപേഷിതമാണ്.

സഭയിൽ നിലവിലുള്ള ശുശ്രൂഷ ക്രമത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ് പ്രസിദ്ധീകരിക്കുന്നു. വിശുദ്ധ വിവാഹ ശുശ്രൂഷയിൽ ലേഖനഭാഗമായി ഇപ്പോൾ നിലവിലുള്ള വായനഭാഗം കൂടാതെ 1 കൊരിന്ത്യർ 13-ാം അദ്ധ്യായം കൂടി ഉൾപ്പെടുത്തിയാണ് പ്രിന്റ് ചെയ്യുന്നത്. കൂടാതെ എപ്പിസ്ക്കോപ്പൽ സിനഡിന്റെ അനുമതിയോടെ പരിഷ്ക്കരിച്ച പ്രസവ സ്തോത്ര ശുശ്രൂഷ ക്രമം, മാമോദീസ ഏല്ക്കാതെ മരണപ്പെടുന്ന ശിശുക്കളുടെ ശവസംസ്ക്കാര ശുശ്രൂഷാ ക്രമം എന്നിവയും പുതിയ ശുശ്രൂഷ ക്രമത്തിന്റെ ഭാഗമാക്കി പ്രസിദ്ധീകരിക്കുന്നതാണ്. 2024 ൽ പ്രസിദ്ധീകരിച്ച നോമ്പ് നമസ്ക്കാര ക്രമത്തിന്റെ റിപ്രിന്റിംഗിനുള്ള നടപടികളും പുരോഗമിക്കുന്നു.

നമ്മുടെ ഇടനാട് ശാലേം മാർത്തോമ്മാ ഇടവാകാംഗം ഡോ. ജിനു സക്കറിയ ഉമ്മൻ കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർമാനായി ചുതമലയേറ്റു. സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

വിമോചന ദൈവശാസ്ത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്ന ഡൊമിനിക്കൻ വൈദികൻ ഫാ. ഗുസ്തോവോ ഗുറ്റിയരസ് നിര്യാതനായി. ഒരു അപ്പക്കഷണത്തിന് വേണ്ടി യാചിച്ച വഴിയരികിലെ തെരുവുബാലനിൽ ലോകത്തിന്റെ വിശപ്പും ദാരിദ്ര്യവും ദർശിച്ച അദ്ദേഹം ദൈവശാസ്ത്ര മേഖലയ്ക്ക് നല്കിയ സംഭാവനകൾ വളരെ വലുതാണ്. ദരിദ്രരോട് പക്ഷം ചേർന്ന് വിശ്വാസത്തിനും പഠനത്തിനും ചിന്തകൾക്കും നൂതന ഭാവം നല്കി അവയെ പ്രവർത്തിയിലേക്ക് കൊണ്ടുവരുന്നതിനും പൊതു ബോധം രൂപപ്പെടുത്തുന്നതിനും അദ്ദേഹത്തിന് സാധിച്ചു. റവ. ഡോ. എം. എ. ഫിലിപ്പ് അച്ചൻ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അച്ചന്റെ ധന്യമായ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കാം. സഭയുടെ അനുശോചനം അറിയിക്കുന്നു.

നവംബർ മാസത്തേക്കുള്ള ഞായറാഴ്ച വായനകളും ചിന്താവിഷയങ്ങളും ധ്യാനങ്ങളും പുതിയ ദർശനങ്ങൾക്കും തുടക്കങ്ങൾക്കും നമ്മെ സഹായിക്കണം. നവംബർ 3 ഞായർ നമ്മുടെ സണ്ടേസ്കൂൾ പ്രസ്ഥാനത്തെ ഓർത്തു പ്രാർത്ഥിക്കുന്നതിനു പ്രത്യേകം വേർതിരിച്ചിരിക്കുന്നു. ദൈവം ഈ ഭൂമിക്കു നൽകുന്ന വലിയ അനുഗ്രഹമാണ് കുഞ്ഞുങ്ങൾ. അനന്തമായ സാദ്ധ്യതകളാണ് ഓരോ കുഞ്ഞിലുമുള്ളത്. ആ സാദ്ധ്യതകൾ യഥാർത്ഥ്യങ്ങളായി തീരുന്നതിന് അവരെ പരിശീലിപ്പിച്ചെടുക്കേണ്ടത് അനിവാര്യമാണ്. സഭാവത്സരത്തിന്റെ ആരംഭമായ 'കൂദോശ് ഈത്തോ' ആയും ഈ ദിവസം ആചരിക്കുകയാണല്ലോ. സഭാവത്സരത്തിന്റെ ആരംഭം 'ശിശുവിലേക്കുള്ള വളർച്ചക്ക്' നമ്മെ സഹായിക്കട്ടെ. പുതിയ പ്രതീക്ഷകളോടെ നമുക്ക് പുതിയ സഭാ വർഷത്തിലേക്കു പ്രവേശിക്കാം. ക്രിസ്തുവിൽ വളരുവാൻ നമുക്ക് ദൈവം കൃപ തരുമാറാകട്ടെ.

നവംബർ പത്താം തീയതി ഞായറാഴ്ച സഭാ ഐക്യ ദിനമായി നാം ആചരിക്കുന്നു. 'സഭകളുടെ ഐക്യം ദൈവരാജ്യ സാക്ഷ്യത്തിന്' അത്യന്താപേക്ഷിതമാണ്. പ്രത്യേകിച്ചും, ഭാരതത്തിൽ രൂപപ്പെട്ടു വരുന്ന സാഹചര്യങ്ങളിൽ സഭകൾ തമ്മിലുള്ള ഭിന്നത ആത്മഹത്യാപരമാണ്. സഭകൾ തമ്മിലും സഭയ്ക്കുള്ളിലും ഭിന്നത നിലനിൽക്കുമ്പോൾ ലോകത്തോട് അറിയിക്കാൻ സാക്ഷ്യം ഇല്ലാതെ പോവുകയാണല്ലോ. ഓരോ സഭാ സമൂഹങ്ങൾക്കും ലഭിച്ചിട്ടുള്ള പ്രത്യേക ശക്തീകരണങ്ങൾ ഭിന്നിപ്പിക്കുന്നതിനല്ല, സമഗ്രമായ സാക്ഷ്യത്തിനു സഹായകരമാകുകയാണ് വേണ്ടത്. വേദപുസ്തക ദർശനത്തിൽ, ഐക്യപാതയിൽ മുന്നേറുന്നതിന് ദൈവം എല്ലാവർക്കും പ്രചോദനം നൽകട്ടെ.

നവംബർ 17 ഞായറാഴ്ച സെഖര്യാവിനോടുള്ള അറിയിപ്പിനെ സഭ ധ്യാനിക്കുന്നു. വാഗ്ദത്തങ്ങൾ നിറവേറ്റുന്ന ദൈവത്തെയാണ് നാം സ്തുതിക്കുന്നത്. ഈ ലോകത്തിനു വേണ്ടി ദൈവം ഒരുക്കിയ രക്ഷാ പദ്ധതി ഏറ്റെടുക്കുന്നവരാണ് ദൈവിക വാഗ്ദാനങ്ങളുടെ പൂർത്തീകരണം വിശ്വാസത്തിൽ അറിയുന്നത്. ആരാധനയുടെ ദൈവിക ക്രമങ്ങൾ അനുസരിച്ച്, വൃത നിഷ്ഠയോടെ ജീവിതം കഴിച്ച സെഖര്യാ പുരോഹിതന്റെ പ്രാർത്ഥനക്ക് ഉത്തരമായി യോഹന്നാൻ സ്നാപകൻ പിറന്നു. സ്വന്തം ദുഃഖങ്ങൾ പോലും ദൈവ മഹത്വത്തിനാക്കി തീർക്കുന്ന അത്ഭുത രൂപാന്തരത്തെ ധ്യാനിക്കുന്നതിന് ദൈവം നമുക്കും ദർശനം നൽകട്ടെ.

നവംബർ 24 ഞായറാഴ്ച പ്രവാസി ഞായറായി സഭ ആചരിക്കുന്നു. എല്ലാ പ്രവാസി സമൂഹങ്ങളെയും പ്രാർത്ഥനയിൽ ഓർക്കാം. അന്നേദിവസം സഭ വിശുദ്ധ കന്യക മറിയാമിനോടുള്ള അരുളപ്പാടിനെ സഭ ധ്യാനിക്കുന്നു. ദൈവജനത്തിനു എല്ലാ കാലത്തും സമർപ്പണത്തിനുള്ള വലിയ മാതൃകയാണ് വിശുദ്ധ കന്യക മറിയം. സ്വകാര്യ ദുഃഖങ്ങളുടെ ശമനത്തിനു വേണ്ടിയുള്ള ദൈവാശ്രയത്തിലുപരിയാണ് വിശുദ്ധ കന്യകമറിയാമിന്റെ സമർപ്പണം. ദൈവഹിതത്തിനു വേണ്ടി സഹനങ്ങൾ ഏറ്റെടുക്കുന്ന ഭാവമാണ് കന്യക മറിയാമിനെ ശ്രദ്ധേയമാക്കുന്നത്. അങ്ങനെയാണ് 'സ്ത്രീകളിൽ അനുഗ്രഹീതയായി' അവർ സ്മരിക്കപ്പെടുന്നത്. ദൈവരാജ്യത്തിനു വേണ്ടി ജീവിത നിയോഗങ്ങൾ ഏറ്റെടുക്കുന്നതിനു ദൈവം നമ്മെയും സഹായിക്കുമാറാകട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

Theodosius Malabar

പൂലാത്തീൻ
26.10.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

മലങ്കര മാർത്തോമ്മാ സുറിയാനി സഭ
പ്രതിനിധി മണ്ഡലം-2024
[സെപ്റ്റംബർ 17-20]

# മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷ പ്രസംഗം



കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...

### നവ മുന്നേറ്റങ്ങൾ

യൂറോപ്യൻ മേഖലകളിലേക്ക് കുടിയേറ്റം സജീവമായിരിക്കുന്ന ഈ കാലഘട്ടത്തിൽ സഭയ്ക്ക് ഒരു പുതിയ ഭദ്രാസനം യു. കെ.-യൂറോപ്പ്-ആഫ്രിക്ക എന്ന പേരിൽ ആരംഭിക്കുവാൻ സാധിച്ചു. സൗദി അറേബ്യയിലെ ആദ്യമായി ഒരു മാർത്തോമ്മാ ഇടവക ദമാമിൽ രൂപീകൃതമായി എന്നത് ഒരു പുതിയ കാൽവെയ്പാണ്. ന്യൂസിലാന്റിൽ മാർത്തോമ്മാ സഭയ്ക്ക് സ്വന്തമായി ഒരു ദൈവാലയം വാങ്ങിക്കുവാൻ സാധിച്ചു എന്നത് അഭിനന്ദനീയമായ സംഗതിയത്രെ. തിരുവല്ലാ എസ്.സി. കുന്നിൽ സഭാ കൗൺസിൽ ചേമ്പർ നവീകരിക്കുന്നതിനും പുതിയ സഭാ സെക്രട്ടറിയേറ്റിലേക്ക് സഭ ആഫീസ് പ്രവർത്തനങ്ങൾ മാറ്റുന്നതിനും ഈ നാളുകളിൽ ഇടയായി. സംഘടനകളുടെ ആഫീസ് പ്രവർത്തനങ്ങളും പുതിയ കെട്ടിടത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. സഭയിൽ ഒരു നൂതന കാൽവെയ്പായി സമാരംഭിച്ച മാർത്തോമ്മാ വിഷൻ-യുട്യൂബ് ചാനൽ അതിന്റെ പ്രവർത്തന സരണിയിൽ ഒരു വർഷം പിന്നിട്ട് അനുഗ്രഹകരമായി പ്രവർത്തിക്കുന്നു. ഇത്തരം മുന്നേറ്റങ്ങളെല്ലാം സഭയെ ചലനാത്മകമായി നിലനിർത്തും എന്നതിന് സംശയമില്ല.

### ആശയറ്റവർക്ക് പ്രതീക്ഷയായ് സഭ

സഭയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുമ്പോൾ അത് ലോകത്തിന് പ്രതീക്ഷയാകണം. വിശ്വാസ ജീവിതം എന്നു പറയുന്നത് കേവലം മതാനുഷ്ഠാനങ്ങളുടെ പൂർത്തീകരണമല്ല; അപരനോടുള്ള നമ്മുടെ പ്രതിബദ്ധത കൂടിയാണ്. പരിസരങ്ങളോടുള്ള പ്രതിബദ്ധതയുടെയും ബന്ധത്തിന്റെയും അടിസ്ഥാനത്തിലാണ് ശിഷ്യത്വത്തിന്റെ മാറ്റുരയ്ക്കപ്പെടുന്നത് (മത്താ. 25). കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാനാകില്ല (1 യോഹ. 4:20). 2023 മേയ് 3 ന് ആരംഭിച്ച മണിപ്പൂർ കലാപം ഇടവേളയ്ക്കു ശേഷം വീണ്ടും പുകഞ്ഞു തുടങ്ങുമ്പോൾ ഈ രാജ്യത്തിനൊപ്പം സഭയുടെ ഹൃദയവും തേങ്ങുകയാണ്. മണിപ്പൂരിലെ ജനങ്ങളോടുള്ള സഭയുടെ ഐക്യദാർഢ്യത്തിന്റെയും ക്രൈസ്തവ സാക്ഷ്യത്തിന്റെയും ഭാഗമായാണ് അവിടെ നിന്നുള്ള 30 വിദ്യാർത്ഥിനികളെ 2023 ൽത്തന്നെ നിക്കോൾസൺ സ്കൂളിൽ പഠിപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തത്. ഈ അദ്ധ്യയന വർഷത്തിൽ അടൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കലയപുരത്തും, കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ജൂബിലി മന്ദിരത്തിലും നിക്കോൾസൺ സ്കൂളിൽത്തന്നെ രണ്ടാമതൊരു ബാച്ചും വിദ്യാർത്ഥികളെ എത്തിച്ച് പഠനത്തിന് അവസരമൊരുക്കുന്നു. കലാപം മൂലം വിദ്യാഭ്യാസം നഷ്ടമായ മണിപ്പൂർ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കാൻ മാർത്തോമ്മാ സഭ കാട്ടിയ ഇച്ഛാശക്തി പരക്കെ ആദരിക്കപ്പെട്ടു. കുറെ കുട്ടികളെ സഭ പുനഃരധിവസിപ്പിച്ചതിൽ നാം ആശ്വാസം കൊള്ളുമ്പോഴും ശാശ്വത സമാധാനത്തിലേക്ക് ആ നാടിനെ കൈപിടിക്കണമെ എന്ന് സഭാ മണ്ഡലമായി നമുക്കു ദൈവത്തോട് അഭയയാചന കഴിക്കാം. മെത്രാപ്പോലീത്തായുടെ പട്ടത്വ സുവർണ ജൂബിലിയുടെ ഭാഗമായി ആവിഷ്കരിച്ച ലക്ഷ്യ (വിദ്യാഭ്യാസ കരുതൽ പദ്ധതി)യിലൂടെ മണിപ്പൂർ വിദ്യാർത്ഥികളെ കൂടാതെ, പഠിക്കുവാൻ സമർത്ഥരും എന്നാൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുമായ 87 വിദ്യാർത്ഥികളെ ബി. എസ്. സി. നേഴ്സിംഗ്; എം.ബി.ബി.എസ്.; ബി. ഫാം.; എഞ്ചിനീയറിംഗ്; ബി. ബി. എ.; എം. ബി. എ. എന്നീ കോഴ്സുകളിലായി ഉന്നത വിദ്യാഭ്യാസത്തിന് ഇതിനോടകം സഹായിക്കുവാൻ സാധിച്ചു.

സമൃദ്ധിയുടെ മദ്ധ്യത്തിൽ ഒറ്റപ്പെട്ടു പോകുന്നവർ ആധുനിക സമൂഹത്തിന്റെ നൊമ്പരങ്ങളാകുന്നു. ദരിദ്രർ, വൃദ്ധർ, കുഞ്ഞുങ്ങൾ, മാനസിക രോഗികൾ, ഭിന്നശേഷിക്കാർ, ആദിവാസികൾ അങ്ങനെ ഒരുപാട് ആളുകൾ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു പോകുന്നു. ഇവരെ ചേർത്തു നിർത്തി കരുതൽ ഒരുക്കുക എന്നത് സഭയുടെ വലിയ ഉത്തരവാദിത്വമായി മാറുന്നു. ഈ കരുതൽ ശുശ്രൂഷയിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഈ കാലഘട്ടത്തിൽ സഭ നിർവഹിച്ചു വരുന്നത്. ആഹാരവും വസ്ത്രവും പോലെ മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. അടച്ചുറപ്പുള്ള വീട്ടിൽ സുരക്ഷിതമായി ജീവിക്കുക ഏതൊരാളിന്റെയും ആഗ്രഹവും സ്വപ്നവുമാണ്. ഒരു തുണ്ട് ഭൂമിയില്ലാത്തവർ, തലചായ്ക്കാൻ ഇടമില്ലാതെ തെരുവിൽ അഭയം തേടുന്നവർ, കൊച്ചു ടാർപ്പാളിൻ ഷീറ്റിന്റെ മറവിൽ കഴിയുന്നവർ ഇങ്ങനെ ഒരുപാട് ആളുകൾ

സമൂഹത്തിലുണ്ട്. പതിറ്റാണ്ടുകൾക്ക് മുമ്പ് തന്നെ വീടി ല്ലാത്തവരുടെ വേദന തിരിച്ചറിഞ്ഞ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പ്രതികരണമാണ് ഭൂഭവന ദാന പ്രസ്ഥാനമായി രൂപപ്പെട്ടത്. ഭാഗ്യസ്മരണീയനായ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ കരുതൽ ദർശനത്തിൽ രൂപപ്പെട്ട പ്രസ്ഥാനം കേരളീയ സമൂഹത്തിനാകെ മാർഗദർശനവും പ്രചോദനവു മായി. മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ 75-ാം ജന്മദിനവും പൗരോഹിത്യ സുവർണ്ണജൂബിലിയും ആഘോഷങ്ങൾ ഒഴിവാക്കി സമൂഹത്തിൽ വേദനിക്കു ന്നവർക്ക് കരുതലാകുന്ന പദ്ധതികൾ ഒരുക്കണമെന്നത് വലിയ ആഗ്രഹമായിരുന്നു. ഈ ആഗ്രഹത്തിലൂടെ യാണ് ഭൂഭവന ദാന പ്രസ്ഥാനത്തിന്റെ തുടർച്ചയായി അഭയം പദ്ധതി രൂപപ്പെട്ടത്. ഈ പദ്ധതിയിലൂടെ ഇപ്പോൾ 73 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൂദാശ നടത്തി. 41 വീടുകളുടെ നിർമ്മാണം പുരോ ഗമിക്കുന്നു. 36 വീടുകളുടെ നിർമ്മാണം കൂടി നടത്തു വാൻ ആഗ്രഹിച്ച് ക്രമീകരണം ചെയ്യുന്നു. വർഷങ്ങ ളായി മഴയും വെയിലും സഹിച്ച് വന്യമൃഗ ഭീതിയിൽ പ്ലാസ്റ്റിക്ക് മറച്ച വീട്ടിൽ കഴിഞ്ഞിരുന്ന പത്തനംതിട്ട ജില്ലയിലെ ളാഹ മഞ്ഞത്തോട്ടിലെ 5 ആദിവാസി കുടും ബങ്ങൾക്ക് ഷെൽട്ടർ ഒരുക്കാൻ കഴിഞ്ഞതും സഭ യുടെ സാമൂഹ്യ പ്രതിബദ്ധതയുടെ തെളിവായി. ഒട്ടേറെ ആളുകളുടെ പിന്തുണയും നിസ്വാർത്ഥമായ നേതൃത്വ വും കൊണ്ടാണ് കുറഞ്ഞ ചിലവിൽ സമയബന്ധിത മായി ജോലികൾ പൂർത്തിയാക്കാൻ കഴിയുന്നത്.

**സഭയ്ക്ക് ലഭിയ്ക്കുന്ന സർക്കാരിന്റെ അംഗീകാരം**

കേരള സർക്കാരിന്റെ പ്രത്യേക താല്പര്യപ്രകാരം കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയിൽ ആരം ഭിച്ച മാർ ക്രിസോസ്റ്റം ചെയറിന്റെ പ്രവർത്തനങ്ങൾ തുടരുന്നു. സർവ്വകലാശാലയുടെ ഭാഗമായി "മാർ ക്രിസോസ്റ്റം സ്റ്റഡി സെന്റർ" ആരംഭിക്കുവാനുള്ള താല്പര്യവും യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്. നമ്മുടെ സഭയുടെ നവോദയ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ മുളക്കുഴയിലുള്ള ട്രാൻസ്ഫാമിന് കേരള സംസ്ഥാന സർക്കാരിന്റെ ട്രാൻസ്ജെൻഡർ കർഷക യ്ക്കുള്ള അവാർഡ് ലഭിച്ചു. വൈവിധ്യങ്ങളെ ആശ്ലേഷി ക്കുന്ന ശുശ്രൂഷ ഈ കാലഘട്ടത്തിന്റെ ആവശ്യകതയാ ണ്. നമ്മുടെ തിരുവനന്തപുരം-കൊല്ലം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ അഞ്ചലിൽ നടത്തപ്പെടുന്ന മാർത്തോ മ്മാ ഐ.റ്റി.ഐ.യ്ക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർ ഡ്സിന്റെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചു. കേരളത്തിൽ ഐ. എസ്. ഓ. അംഗീകാരം ലഭിക്കുന്ന പ്രഥമ ഐ. റ്റി. ഐ. എന്ന പദവിയും നമ്മുടെ ഐ. റ്റി. ഐ. യ്ക്ക് ലഭിച്ചു എന്നത് മികച്ച നേട്ടം തന്നെയാണ്.

**പരിവർത്തന വിധേയമാകുന്ന വിദ്യാഭ്യാസ രംഗം**

ഇന്ത്യയിലെ വിദ്യാഭ്യാസ രംഗം സമൂല മാറ്റത്തിനു വിധേയമാകുന്ന ഒരു കാലഘട്ടമാണിത്. പുതിയ വിദ്യാ ഭ്യാസ നയരേഖാനുസൃതമായിട്ടാണ് പല കോഴ്സുക ളിലും പ്രവേശനം നടക്കുന്നത്. സഭ നടത്തുന്ന പല സ്കൂളുകളും മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തോളം പഴക്കമുള്ളതാണ്. 125 വർഷങ്ങൾ പിന്നിട്ട പല പ്രാഥമിക വിദ്യാലയങ്ങളും ഇന്ന് നിലനിൽ പ്പിനായി കേഴുകയാണ്. അദ്ധ്യാപക ജോലിയിലെ സ്ഥിരപ്പെടുത്തൽ വൈകുന്നതും, ജോലി ഭാരവും, ഉത്തരവാദിത്തങ്ങൾ ഏറെ വർധിച്ചതും, സാമ്പത്തിക പിന്തുണ ഇല്ലാത്തതും മൂലം ഇത്തരം സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത സ്ഥിതി യാണിന്നുള്ളത്. പരിമിതികളുടെ മധ്യത്തിലും നമ്മുടെ എം. റ്റി. & ഇ. എ. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ ആകെയുള്ള 15 ഹൈസ്കൂളുകളിൽ 13 സ്കൂളു കളും 100% വിജയം നിലനിർത്തി എന്നത് അഭിമാനകര മാണ്. കാസർഗോഡ് മാർത്തോമ്മാ ബധിര വിദ്യാലയം ഈ വർഷവും പ്ലസ് ടു പരീക്ഷയിൽ 100% വിജയം കൈവരിച്ചു. തിളക്കമാർന്ന വിജയം സമ്മാനിച്ച എല്ലാവ രേയും അഭിനന്ദിക്കുന്നു. ഹയർ സെക്കൻഡറി വിഭാഗ ത്തിന്റെ നിലവാരം ഇനിയും ഉയർത്തേണ്ടിയിരിക്കുന്നു. സ്കൂളുകളിൽ കായിക പരിശീലനം അനിവാര്യതയായി കാണണം. മികച്ച കായിക താരങ്ങളെ പ്രോത്സാഹിപ്പിച്ച് ദേശീയ-അന്തർ ദേശീയ തലങ്ങളിലേക്ക് ഒരുക്കി അയ യ്ക്കേണ്ടതും, നമ്മുടെ നാടിന്റെ യശസ്സ് അന്താരാഷ്ട്ര തലങ്ങളിൽ ഉയർത്തുന്നതിന് അത്യന്താപേക്ഷിത മാണ്. നിർദ്ധനരായ കുട്ടികൾ പുതിയ വിദ്യാഭ്യാസ പ്രക്രിയയിൽ ചിലപ്പോഴെങ്കിലും പുറംതള്ളപ്പെട്ടു പോകുന്നു എന്ന വാർത്ത വേദനാജനകമാണ്. അവ രെയും കരുതുവാൻ, കൂടെ നിർത്തുവാൻ സഭ ബാധ്യ സ്ഥയാണ്. എല്ലാ കുട്ടികൾക്കും വേണ്ട വിദ്യാഭ്യാസം ലഭിക്കുവാൻ ആവശ്യമായ വിഭവങ്ങൾ നമുക്കുണ്ട്. അതിന്റെ നീതിയുക്തമായ വിതരണം നടക്കുന്നതാണ് ദൈവഹിതം എന്ന തിരിച്ചറിവ് നമുക്കാവശ്യമാണ്. ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസോർ ഡറുകൾ, കേൾവികുറവ് തുടങ്ങി ഭിന്നശേഷിയുള്ള കുട്ടികളും വിദ്യാഭ്യാസത്തിൽ പുറംതള്ളപ്പെട്ടു പോകാ തിരിക്കുവാനുള്ള മുൻകരുതൽ ആവശ്യമാണ്. നമ്മുടെ വിവിധ ഭദ്രാസനങ്ങൾ ഇത്തരത്തിലുള്ള ഇടപെടലു കൾ നടത്തുന്നുണ്ടെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

**മൊബൈൽ എന്ന അപകട സാധ്യത**

കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗം നിയ ന്ത്രണവിധേയമാക്കണം. മൊബൈൽ ഫോണിന്റെ നിയന്ത്രണംവിട്ട ഉപയോഗവും, ഔചിത്യങ്ങളും മര്യാദ കളും മറന്ന സമൂഹ മാധ്യമങ്ങളുടെ പോക്കും ഈ കാല ഘട്ടത്തെ സത്യാനന്തര ലോകമാക്കി മാറ്റിയിരിക്കുന്നു. ആർക്കും ആരെക്കുറിച്ചും എന്തു നുണയും പടച്ചുവിടാം എന്നായിരിക്കുന്നു. അത് വിശ്വസിക്കയും വായിച്ച് ആസ്വദിക്കുകയും ചെയ്യുന്നവരായി നമ്മളും മാറിയി രിക്കുന്നു. മുൻപ് രാവിലെ വേദപുസ്തകവും പത്രങ്ങളും വായിച്ചിരുന്നവർ ഇന്ന് പരതുന്നത് മൊബൈൽ സ്ക്രീനാണ്. അപരനെക്കുറിച്ചുള്ള കുറെ നുണകളും, പാഴ്നർമങ്ങളും വായിച്ച് ദിവസം ആരംഭിക്കുന്നവ രിൽ നിന്ന് അന്നു പകൽ സമൂഹത്തിന് എന്തു നന്മ പ്രതീക്ഷിക്കാനാവും? മൊബൈൽ ഒരു മികച്ച കണ്ടെ ത്തലാണെന്നതുപോലെ മികച്ച ഒരു ക്രൈം ഓർഗ നൈസറും കൂടിയാണ് എന്ന വസ്തുത മറച്ചു വയ്ക്കാ നാവില്ല. 'മൊബൈൽ ഫോൺ രഹിത' വിദ്യാഭ്യാസ നയം രൂപീകരിക്കുന്ന തിരക്കിലാണ് വെർജീനിയയിലെ

ഗവർണർ ഗ്ലെൻ യെങ്കിൻ. ക്ലാസിൽ കയറുന്നതിന് മുമ്പ് മൊബൈൽ വാങ്ങി പൂട്ടിവയ്ക്കാൻ ഇരുമ്പു ലോക്കർ വാങ്ങാൻ പെൻസിൽവേനിയായിലെ സ്കൂളുകൾക്ക് തുക അനുവദിച്ച കാര്യവും അടുത്ത കാലത്ത് പത്രത്തിൽ വായിക്കാനിടയായി. മൊബൈൽ മൂലമുള്ള അശ്രദ്ധയാണ് സ്കൂൾ അധ്യാപകർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്നും യു.എസി.ലെ പ്യൂ എന്ന ഗവേഷണ കേന്ദ്രം കണ്ടെത്തി. ഈ സാഹചര്യത്തിൽ മാർത്തോമ്മാ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട ഏതാനും വിദ്യാലയങ്ങളിലെങ്കിലും ഒരു മാതൃകാ പഠനവും പരീക്ഷണവും നടപ്പിലാക്കുന്നതിനെപ്പറ്റി നമ്മുടെ സഭയും ആലോചിക്കേണ്ടിയിരിക്കുന്നു. 'സേവ് അസ് ഫ്രം സ്ക്രീൻസ്'എന്ന തരത്തിൽ ഈ പദ്ധതിക്ക് ഒരു പേരു നിർദ്ദേശിക്കാനും ഇതു സംബന്ധിച്ച ചർച്ച തുടങ്ങിവയ്ക്കാനും ശ്രമിക്കാവുന്നതാണ്.

**ഉന്നത വിദ്യാഭ്യാസ രംഗത്തെ വെല്ലുവിളികൾ**

ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റങ്ങളുടെ ഒരു കാലമാണിത്. 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് തങ്ങളുടെ അഭിരുചിക്കും താല്പര്യങ്ങൾക്കും അനുസരിച്ചു പഠന വിഷയങ്ങൾ തെരഞ്ഞെടുക്കാവുന്ന അക്കാദമിക് ഫ്ലെക്സിബിലിറ്റി മുതൽ ഭാരതീയ വിജ്ഞാന ശാഖകളിൽ പ്രാവീണ്യം നല്കുന്ന ഇന്ത്യൻ നോളജ് സിസ്റ്റം വരെ കരിക്കുലം പുനഃസംഘടനയുടെ ഭാഗമായി നടപ്പിലാക്കുന്നു. 2030 ഓടു കൂടി അഫിലിയേറ്റിംഗ് സമ്പ്രദായം അവസാനിപ്പിച്ച് ഓട്ടോണമസ് സമ്പ്രദായം ആക്കുകയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും സ്ഥാപനത്തിന്റെ കോൺസ്റ്റിറ്റ്യൂവെന്റ് കോളേജുകൾ ആയി മാറ്റപ്പെടുകയോ ചെയ്യുമെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിരിക്കുകയും, പ്രൈവറ്റ് യൂണിവേഴ്സിറ്റികൾക്ക് അനുമതി നല്കുമെന്ന നയപരമായ തീരുമാനം കൈക്കൊള്ളുകയും ചെയ്ത പശ്ചാത്തലത്തിൽ നാമും ഇതിനോട് ക്രിയാത്മകമായി പ്രതികരിക്കേണ്ടിയിരിക്കുന്നു. നാക് അക്രഡിറ്റേഷനിൽ കോഴഞ്ചേരി സെന്റ് തോമസ് കോളേജ് നേടിയ A++ ഗ്രേഡും പെരുമ്പാവൂർ കോളേജിന്റെ A+ ഗ്രേഡും പുതിയ ഉയരങ്ങളിലേക്ക് പോകുവാൻ പ്രചോദനമാകട്ടെ. ദേശീയ റാങ്കിങ്ങിൽ നമ്മുടെ കോളേജുകൾ മെച്ചപ്പെട്ട സ്ഥാനം കൈവരിക്കേണ്ടിയിരിക്കുന്നു. കൂട്ടായ പരിശ്രമങ്ങളിലൂടെയും മെച്ചമായ ആസൂത്രണത്തിലൂടെയും ഇത് സാധ്യമാകത്തക്കവണ്ണം മികച്ച മാനവ വിഭവമാണ് നമുക്കുള്ളത്. അതുകൊണ്ട് തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നമുക്കും ശുഭ പ്രതീക്ഷ പുലർത്താവുന്നതാണ്.

**എക്യുമെനിക്കൽ രംഗം**

എക്യുമെനിക്കൽ രംഗത്തും സഭൈക്യ പ്രസ്ഥാനങ്ങളിലും കാലാകാലങ്ങളിൽ ഗൗരവതരമായ പങ്കാളിത്തം നല്കുവാൻ മാർത്തോമ്മാ സഭയ്ക്ക് സാധിച്ചിട്ടുണ്ട്. വിഭജിത സഭയ്ക്ക് വിഭജിത ലോകത്തിലെ ഭിന്നതകളെ സുഖപ്പെടുത്താൻ കഴിയില്ല. അഭൂതപൂർവ്വമായ വെല്ലുവിളികൾ നേരിടുന്ന ഭാരതപശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ സാക്ഷ്യ നിർവ്വഹണത്തിൽ എല്ലാ ക്രൈസ്തവ സഭകളും ഒരുമിച്ചു വരുന്നതിന് വേണ്ടിയുള്ള പ്രയത്നങ്ങൾക്ക് നാം പ്രതിജ്ഞാബദ്ധരാണ്. സഭൈക്യ പ്രസ്ഥാനങ്ങളുടെയും ദൈവശാസ്ത്ര സ്ഥാപനകളുടെയും സമുന്നത നേതൃത്വത്തിലേക്ക് നിയോഗിതരായിരിക്കുന്ന മേല്പട്ടത്വ-പട്ടത്വ-ആത്മായ നേതാക്കളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും, മാർത്തോമ്മാ സഭയുടെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുകയും ചെയ്യുന്നു.

2023 ലെ സഭാ പ്രതിനിധി മണ്ഡല യോഗ തീരുമാന പ്രകാരം യൂറോപ്പിലെ സഭകളിലൊന്നായ നവീകരണ പാരമ്പര്യമുള്ള ഓൾഡ് കാതലിക്ക് സഭയുമായി നമ്മുടെ സഭ എക്യൂമെനിക്കൽ ബന്ധത്തിൽ പ്രവേശിച്ചു. ഓൾഡ് കാതലിക്ക് സഭയുടെ പ്രതിനിധികളുമായി ചേർന്ന് ആരാധനയും ഐക്യാഘോഷവും നടത്തുന്നതിനും, ഇരുസഭകളും തമ്മിലുള്ള ധാരണാപത്രം ഒപ്പു വെയ്ക്കുന്നതിനും സാധിച്ചത് സഭയുടെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്. യൂറോപ്പിൽ വെച്ചുള്ള ഐക്യാഘോഷം ഒക്ടോബർ മാസം സ്വിറ്റ്സർലന്റിൽ നടത്തപ്പെടുന്നു. അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഒരു പ്രതിനിധി സംഘം അതിൽ സംബന്ധിക്കുന്നതാണ്. റോമൻ കത്തോലിക്കാ സഭയുമായുള്ള സംവാദം തുടരുന്നു. ഇതിന്റെ ഭാഗമായി ശാന്തിഗിരിയിൽ ഒരു സമ്മേളനം ക്രമീകരിക്കുകയും റോമിൽ നിന്നുള്ള വൈദികരുടെ പ്രതിനിധികൾ അവരുടെ പഠന സന്ദർശനത്തിന്റെ ഭാഗമായി മെത്രാപ്പോലീത്തായെ സന്ദർശിക്കുകയും ചെയ്തു. പുത്തൻ സംവാദങ്ങളും സന്ദർശനങ്ങളും കൂടുതൽ സഭൈക്യത്തിനും കാലികമായ ദൗത്യ നിർവ്വഹണത്തിനും മുഖാന്തിരമാകട്ടെയെന്ന് പ്രാർത്ഥിക്കാം. തിരുവനന്തപുരം പട്ടണത്തിൽ മാർത്തോമ്മാ ഇടവകകൾ ശ്മശാനത്തിന് സ്ഥലപരിമിതി നേരിടുന്നത് മനസ്സിലാക്കി, മലങ്കര കത്തോലിക്കാ സഭ, നാലാഞ്ചിറ മാർ ഇവാനിയോസ് നഗറിൽ മാർത്തോമ്മാ സഭാംഗങ്ങൾക്ക് ഉപയുക്തമാക്കുന്നതിനായി സെമിത്തേരി സ്ഥലം ലഭ്യമാക്കിയത് സഭൈക്യത്തിന്റെ മറ്റൊരു പ്രകട ഭാവമാണ്. അഭിവന്ദ്യ മാർ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് ബാവായോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

നിലയ്ക്കലിൽ രൂപീകൃതമായ എക്യുമെനിക്കൽ ട്രസ്റ്റിന്റെയും സെന്റ് തോമസ് എക്യുമെനിക്കൽ ദേവാലയത്തിന്റെയും റൂബി ജൂബിലി വർഷമാണ് 2024. ഒരു കാലത്ത് തങ്ങൾക്കുണ്ടായിരുന്നതും പിന്നീട് നഷ്ടപ്പെട്ടതുമായ പൈതൃകവും തനിമയും വീണ്ടെടുക്കുവാൻ കേരളത്തിലെ സെന്റ് തോമസ് പൈതൃകമുള്ള വിവിധ സഭകളിൽപ്പെട്ട വിശ്വാസ സമൂഹങ്ങൾ അത്യധികം അദ്ധ്വാനിച്ചതിന്റെ ഫലമായാണ് 1984-ൽ കേരളത്തിലെ എപ്പിസ്ക്കോപ്പൽ സഭകളുടെ നേതൃത്വത്തിൽ കേരള ഗവൺമെന്റിന്റെ സഹായത്തോടെ നിലയ്ക്കൽ പള്ളിയും ട്രസ്റ്റും സ്ഥാപിതമായത്. ഈ എക്യൂമെനിക്കൽ ബന്ധം ലോക എക്യൂമെനിക്കൽ പ്രസ്ഥാനത്തിന് തന്നെ മാതൃകയാണ്. എല്ലാവരും ക്രിസ്തുവിൽ ഒന്നാകാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം.